**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 438** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>വായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. പി. സി. വിഷ്ണുനാഥ് (മുഖ്യമന്ത്രി)

**(എ)** നടപ്പ് സാമ്പത്തിക വർഷം ആകെ എത്ര കോടി രൂപ വായ്പ എടുക്കുന്നതിനാണ് കേന്ദ്രസർക്കാരിന്റെ അനുമതിയുള്ളതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച നൽകി പോരുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 13,29,195 കോടി രൂപയുടെ 3 ശതമാനമായ 39,876 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ തനി കടമെടുപ്പ് പരിധി. കൂടാതെ, ഊർജ്ജ മേഖലയിലെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കി മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 0.5 ശതമാനമായ 6645.97 കോടി രൂപ കൂടി അധിക കടമെടുക്കുന്നതിനുള്ള അർഹത സംസ്ഥാനത്തിന് ഉണ്ട്. ആയതിനുള്ള ശിപാർശ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ഇതുവരെ, സംസ്ഥാനത്തിന്റെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ (Special Purpose Vehicles) KIIFB, KSSPL എടുത്ത വായ്പ ഇനത്തിൽ 12,655.72 കോടി രൂപയും പൊതുകണക്കിലെ നീക്കിയിരുപ്പ് ഇനത്തിൽ 4324.50 കോടി രൂപയും GRF ൽ നിശ്ചിത തുക നിക്ഷേപിക്കാത്തതിനെതുടർന്ന് 2073 കോടി രൂപയും 01.04.2025 ന് മുൻപ് single nodal account ലേയ്ക്ക് കൈമാറാത്ത കേന്ദ്രാവിഷ്കൃത പദ്ധതി ഇനവുമായി ബന്ധപ്പെട്ട് 6.72 കോടി രൂപയും കുറവ് വരുത്തിയിട്ടുണ്ട്. തത്ഫലമായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വരുമാനത്തിൽ ആകെ 19,059.94 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

നടപ്പ് വർഷം കേന്ദ്ര സർക്കാർ പൊതുവിപണിയിൽ നിന്നും ഇതുവരെ 41,249 കോടി രൂപ കടമെടുക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 38,338.007 കോടി രൂപ സംസ്ഥാനം ഇതുവരെ വായ്പ എടുത്തിട്ടുണ്ട്. ഇനി വായ്പ എടുക്കാൻ അവശേഷിക്കുന്ന തുക 2,910.993 കോടി രൂപയാണ്.

**(ബി)** നിലവിൽ എത്ര കോടി രൂപ വായ്പ എടുത്തിട്ടുണ്ട്; ഇനി അവശേഷിക്കുന്നത് എത്ര തുകയാണ്; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച് നൽകി പോരുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 13,29,195 കോടി രൂപയുടെ 3 ശതമാനമായ 39,876 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ തനി കടമെടുപ്പ് പരിധി. കൂടാതെ, ഊർജ്ജ മേഖലയിലെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കി മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 0.5 ശതമാനമായ 6645.97 കോടി രൂപ കൂടി അധിക കടമെടുക്കുന്നതിനുള്ള അർഹത സംസ്ഥാനത്തിന് ഉണ്ട്. ആയതിനുള്ള ശിപാർശ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ഇതുവരെ, സംസ്ഥാനത്തിന്റെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ (Special Purpose Vehicles) KIIFB, KSSPL എടുത്ത വായ്പ ഇനത്തിൽ 12,655.72 കോടി രൂപയും പൊതുകണക്കിലെ നീക്കിയിരുപ്പ് ഇനത്തിൽ 4324.50 കോടി രൂപയും GRF ൽ നിശ്ചിത തുക നിക്ഷേപിക്കാത്തതിനെതുടർന്ന് 2073 കോടി രൂപയും 01.04.2025 ന് മുൻപ് single nodal account ലേയ്ക്ക് കൈമാറാത്ത കേന്ദ്രാവിഷ്കൃത പദ്ധതി ഇനവുമായി ബന്ധപ്പെട്ട് 6.72 കോടി രൂപയും കുറവ് വരുത്തിയിട്ടുണ്ട്. തത്ഫലമായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വരുമാനത്തിൽ ആകെ 19,059.94 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

നടപ്പ് വർഷം കേന്ദ്ര സർക്കാർ പൊതുവിപണിയിൽ നിന്നും ഇതുവരെ 41,249 കോടി രൂപ കടമെടുക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 38,338.007 കോടി രൂപ സംസ്ഥാനം ഇതുവരെ വായ്പ എടുത്തിട്ടുണ്ട്. ഇനി വായ്പ എടുക്കാൻ അവശേഷിക്കുന്ന തുക 2,910.993 കോടി രൂപയാണ്.

**(സി)** സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി ഏത് രീതിയിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേന്ദ്ര സർക്കാരിന്റെ ഭാഗത്തുന്നിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിലുപരിയായി മറ്റ് നിയന്ത്രണങ്ങളൊന്നും സർക്കാർ ഏർപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക്

നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**